കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തിവികസനം - കുറ്റ്യാടി നിയോജകമണ്ഡലം - Project ID:1072, കുറ്റ്യാടി ഗവ.ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം -കുറ്റ്യാടി പഞ്ചായത്ത് എന്ന പ്രവൃത്തി ULCCS മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം.2630/17/തസ്വഭവ തിരുവനന്തപുരം, തീയതി, 28.07.2017

---

വായന — 1) 11/06/2012 ലെ സ.ഉ (അച്ചടി) 332/12/ധന നമ്പർ സ. ഉത്തരവ്

2) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 06/06/2017 ലെ ഡി.ബി4-7166/17/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

കുറ്റ്യാടി നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീ. പാറക്കൽ അബ്ദുല്ല എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും Project ID:1072, കുറ്റ്യാടി ഗവ.ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം - കുറ്റ്യാടി പഞ്ചായത്ത് എന്ന പ്രവൃത്തി ULCCS മുഖേന നടപ്പിലാക്കുന്നതിനായി ആകെ അടങ്കൽ തുകയായ 49,72,406/- രൂപയ്ക്ക് (നാൽപത്തി ഒൻപത് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി നാനൂറ്റി ആറ് രൂപ മാത്രം) ഭരണാനുമതി ലഭിക്കുന്നതിന് മുകളിൽ രണ്ടാമതായി വായിച്ച കത്തു പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനിയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കുറ്റ്യാടി നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീ.പാറക്കൽ അബ്ദുല്ല എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും Project ID:1072, കുറ്റ്യാടി ഗവ.ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം -കുറ്റ്യാടി പഞ്ചായത്ത് എന്ന പ്രവൃത്തി ULCCS മുഖേന നടപ്പിലാക്കുന്നതിനായി ആകെ അടങ്കൽ തുകയായ 49,72,406/- രൂപയ്ക്ക് (നാൽപത്തി ഒൻപത് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി നാനൂറ്റി ആറ് രൂപ മാത്രം) വകുപ്പ്സംബന്ധമായ നടപടിക്രമങ്ങളും മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവും പാലിച്ചുകൊണ്ടും ULCCS ന് ഒരു സാമ്പത്തിക വർഷത്തിൽ അനുവദനീയമായ പ്രവൃത്തിയുടെ ആകെ അടങ്കൽ പരിധി അധികരിച്ചിട്ടില്ല എന്നു കൂടി ഉറപ്പു വരുത്താൻ നിർദ്ദേശിച്ചുകൊണ്ടും ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3) ആയത് സംബന്ധിച്ച് ചെലവ് '4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ.എ.സി. എ.ഡി. എസ്'എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),

എൻ.വിശ്രുതൻ ആചാരി

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം

സെക്രട്ടറി, കുറ്റ്യാടി ഗ്രാമപഞ്ചായത്ത്

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ വകുപ്പ് (അ.നം. 372/എൻ.സി.സി.2/2016/ധന തീ.29/6/17)

ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി.2/278/2017/ത.സ്വ.ഭ.വ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ